ENTRI

1 Crore User Downloads

# CURRENT AFFAIRS 16 MAY 2025


അനിത ആനന്ദ്

- **കാനഡയുടെ പുതിയ വിദേശകാര്യ മന്ത്രിയായി നിയമിതയായ ഇന്ത്യൻ വംശജ**
  **അനിത ആനന്ദ്**

---

- **മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാർ നിരോധനം ഏർപ്പെടുത്തിയ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ക്ക് ഹസീനയുടെ പാർട്ടി**
  **അവാമി ലീഗ്**
  - തീവ്രവാദ വിരുദ്ധ നിയമപ്രകാരമാണ് 2025 മെയിൽ അവാമി ലീഗ് പാർട്ടിയുടെ പ്രവർത്തനങ്ങൾ നിരോധിച്ചത്.
  - 1949-ൽ കിഴക്കൻ പാകിസ്താനിലെ ജനതയ്ക്ക് സ്വയംഭരണാവകാശം നേടിയെടുക്കാനായി രൂപീകരിച്ച സംഘടനയായിരുന്നു അവാമി ലീഗ്. 1971-ലെ വിമോചന യുദ്ധത്തിന് നേതൃത്വം നൽകിയതും അവാമി ലീഗാണ്.

---




- **2025 മെയ് മാസത്തിൽ രൂപീകൃതമായതിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സംസ്ഥാനം**
  **സിക്കിം**
  - സിക്കിം സംസ്ഥാനം രൂപീകരിച്ചത് - 1975 മെയ് 16

---

- **2025 മെയിൽ ജമ്മുകശ്മീരിലെ ഷോപിയാനിൽ ഇന്ത്യൻ സൈന്യം നടത്തിയ ഭീകരവിരുദ്ധ നടപടി**
  **ഓപ്പറേഷൻ കെല്ലർ**

---




- **അവർ ലിവിങ് കോൺസ്റ്റിട്യൂഷൻ (Our Living Constitution) എന്ന പുസ്തകത്തിന്റെ രചയിതാവ്**
  **ശശി തരൂർ**

---

- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ ഓവറോൾ ചാമ്പ്യന്മാരായ സംസ്ഥാനം**
  **മഹാരാഷ്ട്ര**
  - 58 സ്വർണ്ണവും 47 വെള്ളിയും 57 വെങ്കലവും ഉൾപ്പെടെ 158 മെഡലുകൾ മഹാരാഷ്ട്ര സ്വന്തമാക്കി.
  - ഹരിയാന രണ്ടാം സ്ഥാനവും രാജസ്ഥാൻ മൂന്നാം സ്ഥാനവും സ്വന്തമാക്കി.
  - 2025-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ വേദി - ബിഹാർ
  - 2025-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ ഭാഗ്യചിഹ്നം - ഗജസിംഹ